**ശ്രദ്ധക്ഷണിക്കൽ**

നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ശ്രീ. കെ. മുരളീധരൻ: സർ, സംസ്ഥാനത്തെ നിർമ്മാണ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ നേരിടുന്ന രൂക്ഷമായ പ്രതിസന്ധിയിലേയ്ക്ക് ഈ സഭയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ക്ഷാമവും അമിതമായ വിലക്കയറ്റവും കൊണ്ട് സംസ്ഥാനത്തെ നിർമ്മാണ മേഖല മാന്ദ്യം നേരിടുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ പണിയെടുക്കുന്നവർ തൊഴിൽ നഷ്ടവും സേവന വേതന ഘടനയിൽ ചൂഷണവും ഇന്ന് നേരിടേണ്ടി വരികയാണ്. ഇത്തരം ഒരു പ്രതിസന്ധി ഘട്ടത്തിൽ സർക്കാരും കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡും കൂടുതൽ ഉണർന്നു പ്രവർത്തിച്ച് തൊഴിലാളികളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തേണ്ടി യിരിക്കുന്നു. എന്നാൽ പ്രസ്തുത ക്ഷേമനിധിയുടെ പ്രവർത്തനം സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ തൊഴിലാളികൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് ക്ഷേമനിധി അംഗത്വം പോലും പുതുക്കി നൽകാതെ ആയിരക്കണക്കിന് തൊഴിലാളികളെ വഴിയാധാരമാക്കുന്ന

സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. പരമാവധി പെൻഷൻ 600 രൂപയായി നിജപ്പെടുത്തി സർവ്വീസ് അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഇല്ലാതാക്കിയ വിരോധാഭാസം പോലും ഇവിടെ സംഭവിച്ചിട്ടുണ്ട്. രണ്ടു തവണയിൽ കൂടുതൽ അംശദായം മുടങ്ങിയ പാവപ്പെട്ട തൊഴിലാളികളുടെ അംഗത്വം അപ്പീലിലൂടെ പുതുക്കാനുള്ള അവസരംപോലും എടുത്തുകളഞ്ഞിരിക്കുകയാണ്. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം പകുതിയിലേറെ പേർക്ക് നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കാനായി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് യോഗ തീരുമാനപ്രകാരം 19-03-2013-ൽ സർക്കാരിലേയ്ക്ക് നൽകിയ ചില ശിപാർശകൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവയിൽ പ്രധാനപ്പെട്ട നിർദ്ദേശ ങ്ങൾ ഇവയൊക്കെയാണ്-മരണമടയുന്ന പെൻഷണറുടെ ആശ്രിതർക്ക് രണ്ടായിരം രൂപയുടെ ധനസഹായം, അതുപോലെ അപകട ചികിത്സാ ധനസഹായം വർദ്ധിപ്പിക്കാനും പരമാവധി തുക പതിനായിരം രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയത് ഇരുപതിനായിരം രൂപ എന്ന് തിരുത്താനുമുള്ള ശിപാർശ, മൂന്നാമത് പെൻഷൻ ആനുകൂല്യങ്ങൾ

വർദ്ധിപ്പിക്കാനുള്ള ശിപാർശ, നാലാമത് അപകട മരണാനന്തരം ധനസഹായം മൂന്നുലക്ഷം രൂപയായി വർദ്ധിപ്പിക്കൽ അതുപോലെ മാരകമായ രോഗ ചികിത്സാ ധനസഹായം അൻപതിനായിരം രൂപയായി വർദ്ധിപ്പിക്കൽ, വിവാഹ ധനസഹായം പതിനായിരം രൂപയായി വർദ്ധിപ്പിക്കൽ, മരണാനന്തര ചെലവുകൾക്ക് ധനസഹായം അയ്യായിരം രൂപയായി വർദ്ധിപ്പിക്കൽ, ഈ ഏഴ് ശിപാർശകൾ ബോർഡ് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചതാണ്. ഇതുവരെയായി ഇതിന് ഒരു തീരുമാനവും ഉണ്ടായിട്ടില്ല. പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടുവർഷമായിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു തീരുമാനവും ഉണ്ടായിട്ടില്ല. മാത്രമല്ല സാമ്പത്തികമായി ഏറെ സ്വയം പര്യാപ്തതയുള്ള ഈ ക്ഷേമനിധി ബോർഡിന് ബഡ്ജറ്റിൽ ആവശ്യമായി ട്ടുള്ള തുക നീക്കി വച്ചിട്ടുണ്ട്. പക്ഷെ സർക്കാരിന്റെ അനുമതി കിട്ടിക്കഴിഞ്ഞാൽ മാത്രമേ ഈ തുക കൊടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏതായാലും ഈ ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടുകൂടി നൽകാൻ ഗവൺമെന്റ് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ ലക്ഷക്കണക്കിന്

തൊഴിലാളികൾ കഷ്ടപ്പാടുകളും ചൂഷണവും നേരിടുന്ന ഒരു തൊഴിൽ മേഖലയാണ് നിർമ്മാണ മേഖല. അതിനാൽ സർക്കാർ ഈ വിഷയത്തിൽ കൂടുതൽ ഉണർന്ന് പ്രവർത്തിക്കണം. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരെ ഫലപ്രദമായി നിയോഗിച്ച് സെസ് കളക്ഷൻ ഉൾപ്പെടെ ഊർജ്ജിതപ്പെടുത്തി ക്ഷേമനിധി ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തണം. തൊഴിലാളികൾക്ക് നൽകുന്ന നാമമാത്ര ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് നമ്മൾ മറ്റു സംസ്ഥാനങ്ങൾക്കു കൂടി മാതൃക കാട്ടേണ്ടതാണ്. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പുമന്ത്രിയും സർക്കാരും സജീവ ശ്രദ്ധചെലുത്തിക്കൊണ്ട് അടിയന്തരമായി ഫലപ്രദമായ നടപടി സ്വീകരിക്കും എന്ന ശുഭപ്രതീക്ഷ ഇപ്പോഴും ഈ മേഖലയിലെ തൊഴിലാളികൾക്കുണ്ട്. അവരുടെ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകിച്ച് തൊഴിൽവകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യം കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള കാര്യങ്ങളാണ്. ബോർഡിന്റെ പത്തോളം ശിപാർശകൾ ഗവൺമെന്റിന്റെ പക്കലുണ്ടെങ്കിൽ അതിന് അന്തിമമായ അനുമതി കൊടുത്തിട്ടില്ലെന്നുള്ളത് ഒരു

വസ്തുത തന്നെയാണ്. അതിന് ആധാരമായ കാരണങ്ങളെക്കുറിച്ച് പറയുമ്പോൾ ഇപ്പോൾ പതിനഞ്ചരലക്ഷം തൊഴിലാളികളാണ് ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളത്. അവിടെ അംഗങ്ങളെ പുതിയതായി ചേർത്തില്ല, അതിനുള്ള അവസരം നിഷേധിച്ചുവെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പറെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. 2012- 2013-ൽ 49,000, 2013-14-ൽ 32,000, 2014-15-ൽ 35,000 തൊഴിലാളികളെ പുതിയതായി ചേർത്തിട്ടുണ്ട്. പക്ഷേ ഈ ബോർഡിന്റെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ഇതിൽ അനർഹരായിട്ടുള്ളവർ പലരും അംഗങ്ങളായിയെന്നുള്ളതാണ്. അതുകൊണ്ടുതന്നെ അർഹരായ തൊഴിലാളി കൾക്ക് നാം ആഗ്രഹിക്കുന്ന നിലയിലേയ്ക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കാതെ പോകുന്നു. അനവധി ആവർത്തി നിയമസഭയിൽ ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം പെൻഷൻ 600 രൂപയാക്കി, സർവ്വീസ് പെൻഷനടക്കമാണത് കൊടുക്കുന്നത്. അങ്ങയെ ആരോ തെറ്റായി ധരിപ്പിച്ചതാണ്. അത് വസ്തുതാവിരുദ്ധമാണ്. അഞ്ച് ലക്ഷം പെൻഷൻകാർക്ക് ഇപ്പോൾ കൊടുക്കുന്ന 600 രൂപ പിന്നീട് വർദ്ധിക്കുകയും ചെയ്യുമ്പോൾ 2018

കഴിയുന്നതോടെ ഈ ബോർഡിന് പ്രവർത്തിക്കാ നൊക്കാത്ത സാഹചര്യമുണ്ടാകും, സാമ്പത്തികമായി താങ്ങാനൊക്കാത്ത സാഹചര്യമുണ്ടാകും.

സെസ് കളക്ഷനെക്കുറിച്ച് പറഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിന്റെ മുൻ വർഷമുണ്ടായിരുന്ന സെസ് കളക്ഷൻ 82 കോടി രൂപയായിരുന്നു. സെസ് കളക്ഷൻ ഊർജ്ജിതപ്പെടുത്തിയതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷവും 150 കോടിയോളം രൂപ സെസ് കളക്ഷൻ ഉണ്ടായിട്ടുണ്ട്. ആ നിലയിലേയ്ക്ക് വരുന്ന വർഷം 160 കോടി രൂപയാണ് ടാർജറ്റ് ഇട്ട് പ്രതീക്ഷിച്ചുപോകുന്നത്. സെസ് കളക്ഷനിൽ ചെയ്യാവുന്നത് പരമാവധി ചെയ്തതിന്റെ ഭാഗമായിട്ടാണ് ഇരട്ടിയോളം സെസ് കളക്ഷൻ വന്നത്. അങ്ങനെ സെസ് കളക്ഷൻ വന്നിട്ടുപോലും 2018 കഴിയുമ്പോൾ നമുക്ക് മുന്നോട്ട് പോകാനൊക്കാത്ത ഒരു സാഹചര്യം ബോർഡിനുണ്ടാകു മെന്ന് കണ്ടുകൊണ്ട് ബോർഡിന്റെ റീ ഓർഗനൈസേഷന്, അനർഹരെ കണ്ടെത്തി ഒഴിവാക്കി അതിനുശേഷം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാമെന്ന് ബോധപൂർവ്വമായ തീരുമാനം തന്നെ ഗവൺമെന്റ് കൈക്കൊണ്ടത്. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കണമെന്ന് ഇരുഭാഗത്തുനിന്നും

പറയുമ്പോൾ അതിനോട് പൂർണ്ണമായും യോജിക്കുന്ന വ്യക്തിയാണ് ഞാൻ. പക്ഷേ അനർഹരായവർ ഇത് കൈക്കലാക്കുന്നതും അതിന് ചില ക്രമീകരണമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ എതിർക്കുന്നതും വളരെ ദൗർഭാഗ്യകരമാണ്. ആധാർ രജിസ്ട്രേഷനോടുകൂടി ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് പറഞ്ഞത് എന്തിനാണ്? ഇതിൽ ഏറ്റവും അധികം ഇടനിലക്കാർ, ഇടനിലക്കാർ ഒരു ഉപജീവനമാർഗ്ഗമാക്കി കണ്ടുകൊണ്ട്... അതുപോലെ ഞാൻ നേരത്തേ ഇവിടെ പറഞ്ഞിട്ടുള്ളതാണ് എഞ്ചിനീയറുടെ ഭാര്യ, പ്രൊഫസറുടെ ഭാര്യ ഇവരൊക്കെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായി വരുന്നത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. അത്തരക്കാരെയും ഇടനിലക്കാരെയും ഒഴിവാക്കി യഥാർത്ഥ ആളുകൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ വേണ്ടിയാണ് ബാങ്ക് അക്കൗണ്ട് വഴി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയത്. അതിന് ശക്തമായ എതിർപ്പ് വന്നപ്പോൾ അതിനുശേഷം മറ്റ് പരിഷ്കാരങ്ങളും കാര്യങ്ങളുമായി മുന്നോട്ടുപോയി. ഒരു കാര്യം പറയാം ആനുകൂല്യം നിഷേധിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമില്ല. ഗവൺമെന്റ് ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുക്കാൻ തയ്യാറാണ്. പക്ഷേ ബഹുമാനപ്പെട്ട

മെമ്പർ കെ. മുരളീധരനടക്കമുള്ള എല്ലാവരും ചേർന്ന് അനർഹരെ ഒഴിവാക്കണം, നാല് ക്ഷേമനിധി ബോർഡുകളിൽനിന്നും അംഗത്വം വാങ്ങി ആനുകൂല്യം കൈപ്പറ്റുന്നവരെ ഒഴിവാക്കണം. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് എനിക്ക് വ്യക്തിപരമായി കയ്യടി കിട്ടുന്ന കാര്യമാണ്. പക്ഷേ ഇനി വരുന്ന ഗവൺമെന്റിന്റെ തൊഴിൽവകുപ്പ് മന്ത്രി ആരായാലും അവർക്ക് ഈ ക്ഷേമനിധിബോർഡ് തകരുന്ന സാഹചര്യം നോക്കിനിൽക്കേണ്ടിവരും. അതല്ല വേണ്ടതെന്ന് കണ്ടുകൊണ്ടാണ് ഇക്കാര്യം നടപ്പിലാക്കാൻ തീരുമാനിച്ചത്. എല്ലാവരും സഹകരിച്ച് ഇതുമായി ബന്ധപ്പെട്ട് ഡ്യൂപ്ലിക്കേഷൻ ഓഫ് മെമ്പർഷിപ്പ് (വ്യാജ അംഗത്വം) ഒഴിവാക്കണം. അതിന് എല്ലാവരും സഹകരിച്ചാൽ തീർച്ചയായും നമുക്ക് മുന്നോട്ട് പോകാൻ സാധിക്കും. ഈ പത്ത് നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഈ വർഷംതന്നെ അതിന് തീരുമാനമെടുത്ത് നടപടി കൈക്കൊള്ളും. അതിനോടൊപ്പം ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളിൽ പോരായ്മയുണ്ടെന്ന് പറയുമ്പോൾ അതിനെ നൂറ് ശതമാനവും ന്യായീകരിക്കുന്നില്ല. കഴിഞ്ഞ ദിവസം വന്ന കേരള കൗമുദിയുടെ എഡിറ്റോറിയലിൽ ക്ഷേമനിധി ബോർഡിന്റെ ലക്ഷ്യം ഇതൊക്കെയാണ്

എന്ന് പറഞ്ഞുകൊണ്ട് ഈ ക്ഷേമനിധി ബോർഡ് എടുത്ത തീരുമാനങ്ങൾ വന്നിരുന്നു. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം തുടങ്ങി, 25-ാം വർഷം എന്ന നിലയിലേയ്ക്ക് മെഡിക്കൽ കോളേജ് അധികാരികളുമായി ചർച്ച ചെയ്ത് 30 കോടി രൂപ ചെലവഴിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആർ.സി.സി.യിൽ പോലുമില്ലാത്ത, ക്യാൻസർ രോഗികളെ diagnose ചെയ്യാൻ ആവശ്യമുള്ള എക്വിപ്മെന്റ്സോടുകൂടി ഒരു ഡയഗ്നോസിസ് വിഭാഗം പുതിയതായി തുടങ്ങാനും ക്ഷേമനിധിയിലെ പതിനഞ്ചര ലക്ഷം അംഗങ്ങൾക്കും സൗജന്യമായി പരിശോധനകൾ നടത്താനും മറ്റ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നാമമാത്രമായ തുകയും, ആർ.സി.സി-യിൽ പോലുമില്ലാത്ത ഉപകരണങ്ങളായതുകൊണ്ട് മറ്റ് സ്വകാര്യവ്യക്തികളിൽനിന്ന് ഉയർന്നനിരക്കിലുള്ള തുക ഈടാക്കുന്നതിനു മുള്ള പദ്ധതിക്ക് ശിപാർശ ചെയ്തിട്ടുണ്ട്. അതിന് ഗവൺമെന്റ് അംഗീകാരം കൊടുക്കുകയാണ്. അതുപോലെ 25-ാം വർഷമെന്നുള്ള നിലയിൽ ഈ ക്ഷേമനിധി ബോർഡിലെ അംഗങ്ങളായിട്ടുള്ള, കുടുംബമുള്ള, ഏറ്റവും നിർദ്ധനരായിട്ടുള്ള 1000 തൊഴിലാളികളെ കണ്ടെത്തി അവർക്ക് വീട് വയ്ക്കാനുള്ള ഒരു പദ്ധതിക്ക് കൂടിയുള്ള ശിപാർശ ഗവൺമെന്റിൽ ലഭ്യമായിട്ടുണ്ട്,

അതും നടപ്പിലാക്കുന്നുണ്ട്. പണ്ട് കാലത്തെപ്പോലെ ഏതെങ്കിലുമൊരാനുകൂല്യം 2000 രൂപ എന്നുള്ളത് 3000 രൂപയാക്കി മാറ്റി കൊണ്ടുപോകുന്നതല്ല, അർഹരായിട്ടുള്ളവരെ കണ്ടെത്തി അവർക്ക് വളരെ വ്യത്യസ്തമായ നിലയിലുള്ള ആനുകൂല്യങ്ങൾ കൊടുത്ത് മുന്നോട്ടുപോകാൻ തന്നെയാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്. ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. ഇതിന്റെ റീ-ഓർഗനൈസേഷൻ കഴിഞ്ഞ് അനർഹരെ ഒഴിവാക്കിയതിനുശേഷം മാത്രം ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചാൽ മതിയെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മനപ്പൂർവ്വംതന്നെയാണ് ഇക്കാര്യം നീട്ടി വച്ചിരുന്നത്. ഇനി എന്തായാലും അക്കാര്യം പരിഗണിക്കും. എല്ലാവരുടേയും സഹകരണം ഇക്കാര്യത്തിൽ ഗവൺമെന്റിനോടൊപ്പമുണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കെ. മുരളീധരൻ</u>: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ എം.എൽ.എ മാരെ കണ്ട് നൽകിയ നിവേദനത്തിൽ പറഞ്ഞിരിക്കുന്ന ഒരു പ്രധാനകാര്യം അനർഹരായിട്ടുള്ളവർ ലിസ്റ്റിൽപ്പെടുന്നത് തടയുക എന്നുള്ള ഉദ്ദേശ്യ ത്തോടുകൂടി സാധാരണ വർഷത്തിൽ രണ്ട് തവണയെങ്കിലും വിവിധ ട്രേഡ്

യൂണിയനുകളുടെ യോഗം വിളിച്ചു ചേർക്കാറുണ്ട്. അത് കുറേക്കാലമായി വിളിച്ചുചേർക്കുന്നില്ലെന്ന ഒരു പരാതിയുണ്ട്. വർഷത്തിൽ രണ്ട് തവണ എങ്കിലും വിളിച്ചുചേർത്താൽ അനർഹരെ ഒഴിവാക്കാൻ കഴിയുമെന്നാണ് അവരുടെ വിശ്വാസം. ഇക്കാര്യങ്ങളൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ട് സെക്രട്ടേറിയറ്റിന് മുമ്പിൽ എല്ലാ ട്രേഡ് യൂണിയനുകളും കേരള നിർമ്മാണത്തൊഴിലാളി സംയുക്ത സമര സമിതിയും ഇന്നലെമുതൽ രാപ്പകൽ സമരം നടത്തുന്നുണ്ട്. അത് എത്രയും പെട്ടെന്ന് അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: ട്രേഡ് യൂണിയൻ നേതാക്കളെ വിളിച്ച് ചർച്ച ചെയ്യുന്നില്ലെന്ന് പറഞ്ഞത് അടിസ്ഥാന രഹിതമാണ്. ബഹുമാനപ്പെട്ട മെമ്പറെ കാര്യം ധരിപ്പിച്ചതിൽ വന്ന തെറ്റാണ്. ഏറ്റവുമൊടുവിൽ ക്ഷേമനിധി ബോർഡുകളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് സെൻട്രൽ ട്രേഡ് യൂണിയനുകളുടെ സംസ്ഥാനത്തുള്ള എല്ലാപേരേയും വിളിച്ചുകൂട്ടി അവിടെ പ്രസന്റേഷൻ നടത്തി, ഈ നിലയിൽ പോയാൽ നിർമ്മാണബോർഡ് അടക്കം തകർച്ചയിലേയ്ക്ക് പോകും എന്ന് കണ്ടുകൊണ്ടുള്ള ഫാക്റ്റ് ആന്റ് ഫിഗേഴ്സ്

വച്ചുകൊണ്ട് ചർച്ച നടത്തിയിട്ടുണ്ട്. ഈ വ്യാജ അംഗങ്ങളെ ഒഴിവാക്കാനുള്ള പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ഇതിലൊരുകാര്യം നാല് രീതിയിൽ അംഗങ്ങളെ ചേർക്കാം, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നാലാമത്തെ രീതിയിൽ പറയുന്നത് ട്രേഡ് യൂണിയൻ സർട്ടിഫിക്കേഷൻ മതി എന്നുള്ളതാണ്. ഇതാണ് ഏറ്റവും ദുരുപയോഗം ചെയ്തിട്ടുള്ളത്. മറ്റ് മൂന്ന് രീതിയിലും ഒരംഗത്തിനേയും ചേർത്തിട്ടില്ല. ഇവർ അംഗങ്ങളാണെന്ന് കാണിച്ച് ചില ട്രേഡ് യൂണിയൻ നേതാക്കൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗങ്ങളാക്കിക്കൊണ്ടിരിക്കും. അത് തടയാൻ ഒരു പരിശോധന വേണമെന്ന് പറയുമ്പോഴാണ് ഇതിൽ പ്രശ്നങ്ങളുണ്ടാകുന്നത്. ഇപ്പോൾ നടക്കുന്ന സമരം അവസാനിപ്പിക്കേണ്ട താണ്. ബഹുമാനപ്പെട്ട കെ. മുരളീധരൻ എം.എൽ.എ തന്നെ ഇക്കാര്യങ്ങൾ വിശദീകരിച്ച് അവരുടെ സമരം അവസാനിപ്പിക്കാൻ മുൻകയ്യെടുക്കണം. സർക്കാരിന്റെ ഭാഗത്തുനിന്നും ഇക്കാര്യങ്ങൾ വിശദീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇതിന് മുൻകയ്യെടുക്കണെ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

## കോമൺവെൽത്ത് വീവിംഗ് ഫാക്ടറി ഏറ്റെടുക്കൽ

ശ്രീ. ഇ. കെ. വിജയൻ: സർ, കോഴിക്കോട് ജില്ലയിലെ കോമൺവെൽത്ത് വീവിംഗ് ഫാക്ടറി സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള ബിൽ ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. പക്ഷേ ഇന്നുവരെ പ്രസിഡന്റിന്റെ അനുമതി വാങ്ങി ആ ബിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത് നടപ്പിലാക്കണമെന്ന വിഷയമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. 1844-ൽ ബാസൽമിഷൻ തുടങ്ങിവച്ച ഒരു സ്ഥാപനമാണിത്. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് അത് ബ്രിട്ടീഷുകാരുടെ കയ്യിലായി. 1970-ൽ ഫെറാ നിയമം വന്നതിനുശേഷം വിദേശികൾക്ക് സ്ഥാപനം നടത്തിക്കൊണ്ടുപോകാനുള്ള പ്രശ്നങ്ങൾ കാരണം ഇന്ത്യനൈസേഷൻ ചെയ്ത്, ഒരു കാരണവശാലും ഈ സ്ഥാപനം നഷ്ടപ്പെട്ടുപോകാതിരിക്കാൻ മുൻകരുതലോടെ ഒരു സ്ട്രക്ച്ചറുണ്ടാക്കി. 125000 ഷെയർ 10 രൂപ മുഖവിലയിൽ രൂപപ്പെടുത്തുകയും 30 ശതമാനം ഷെയർ കാനറാ ബാങ്കിനും 40 ശതമാനം ഷെയർ കോൺഫിഡൻഷ്യൽ സ്റ്റാഫിനും, ഇത് വിൽപ്പന നടത്താൻ കഴിയില്ല, ജോലിയിൽ നിന്നും പിരിഞ്ഞാൽ ആ

സ്ഥാനത്തുവരുന്ന വ്യക്തിക്ക് കൈമാറണം, 20 ശതമാനം ഷെയർ ജീവനക്കാരുടെ വെൽഫയൽ ട്രസ്റ്റിനും 10 ശതമാനം ഷെയർ ഏജന്റ് ഡീലേഴ്സിനും വിഭജിച്ചിരുന്നു. ഈ കാരണത്താൽ ഷെയർ പുറത്ത് വിൽപ്പന നടത്തുവാനും സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനും കഴിയുമായിരുന്നില്ല. ഡയറക്ടർ ബോർഡ് മെമ്പർമാരായി ആരംഭകാലത്ത് സമൂഹത്തിലെ ഉന്നതരും സത്യസന്ധരും പദവികളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുമായിരുന്നു. ഇവർ തന്നെ മൂന്ന് വർഷം കഴിയുമ്പോൾ അക്ഷരമാലാക്രമത്തിൽ പിരിയുകയും ആ സ്ഥാനത്തേയ്ക്ക് അതേ മാർഗ്ഗത്തിൽ മറ്റ് വ്യക്തികൾ കടന്നുവരണമെന്നൊക്കെയാണ് തീരുമാനിച്ചത്. പിന്നീട് വന്നവർ കെടുകാര്യസ്ഥതയിലൂടെ ഈ സ്ഥാപനത്തെ അടച്ചുപൂട്ടേണ്ട നിലയിലേയ്ക്ക് എത്തിക്കുകയാണ് ചെയ്തത്. ഇത്തരം ഒരു സാഹചര്യത്തിൽ അവിടത്തെ തൊഴിലാളികൾ ഈ സ്ഥാപനം നിലനിർത്താനുള്ള വമ്പിച്ച പ്രക്ഷോഭങ്ങളിൽ ഉയർന്നുവന്നു. അതിന് നേതൃത്വം കൊടുത്തത് എ.ഐ.ടി.യു.സി.യാണ്. ഈ സമയത്താണ് അന്നത്തെ ലോക്സഭാ തെരഞ്ഞെടുപ്പ് വരുന്നത്. അപ്പോൾ ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി, ഇന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി അന്നത്തെ

കെ.പി.സി.സി. പ്രസിഡന്റ്, ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ഉൾപ്പെടെ ഒരു രാഷ്ട്രീയ മുതലെടുപ്പ് ലാക്കാക്കിക്കൊണ്ട് ആ സമരമുഖത്ത് വരികയും ഗാന്ധിത്തൊപ്പി ധരിച്ചുകൊണ്ട് സത്യാഗ്രഹസമരങ്ങൾ ആരംഭിക്കുകയും ചെയ്തു. ആ സമയത്ത് അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാന്യനായ എളമരം കരീമിന്റെ നേതൃത്വത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് പ്രസിഡന്റിന്റെ അനുമതിക്കുവേണ്ടി അയച്ചു. പക്ഷേ അത് വളരെ പെട്ടെന്ന് തെരഞ്ഞെടുപ്പ് പ്രക്രിയയിലേക്ക് പോയ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. വരാൻ പോകുന്ന നിയമസഭ ബിൽ ആക്കി അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പ്രസിഡന്റ് തിരിച്ചയച്ചു. അതുകൊണ്ട് തന്നെ ഒരു ഹെറിറ്റേജ് ഇൻഡസ്ട്രി എന്നുള്ള നിലയ്ക്ക് നിലനിർത്തണമെന്ന കാഴ്ചപ്പാടോടുകൂടി എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ബിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. പിന്നീട് വന്ന ഇന്നത്തെ ഈ ഗവൺമെന്റ് ഒട്ടേറെ പ്രക്ഷോഭങ്ങൾ ഈ നിയമസഭയ്ക്കകത്തുതന്നെ ബഹുമാന്യനായ എ. പ്രദീപ് കുമാർ ഞാനുൾപ്പെടെയുള്ള എം.എൽ.എ.മാർ സബ്മിഷനുകളൊക്കെ ഉന്നയിച്ചു. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി പി.കെ.

കുഞ്ഞാലിക്കുട്ടി കൊണ്ടുവന്ന ബിൽ ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. പക്ഷേ എന്നാൽ ഇന്നുവരെ ആ ബില്ലിന് അംഗീകാരം വാങ്ങിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം നമുക്ക് ലഭിച്ചില്ല. ആഭ്യന്തരവകുപ്പിന്റെ കയ്യിൽ തന്നെ ഇതുണ്ടായിരുന്നു. അതിന്റെ കോപ്പികളും അനുബന്ധ മേഖലകളിലേക്ക് അയച്ചുവെങ്കിലും അതിന് തുടർനടപടി ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ സ്തംഭിച്ചുനിൽക്കുകയാണ്. കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (അക്വിസിഷൻ ട്രാൻസ്ഫർ അണ്ടർടേക്കിംഗ്) ബിൽ 2012, ബിൽ നമ്പർ 128 ആയാണ് പാസ്സാക്കിയത്. ജി.എസ്.എസ്. 1442/2012 തീയതി 16-08-2012 കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചുകൊടുത്തു. ആഭ്യന്തരവകുപ്പ് ബില്ലിന്റെ കോപ്പി മറ്റ് വകുപ്പുകൾക്കുമയച്ചു. 12-07-2013-ന് ലേബർ മിനിസ്ട്രി ഇ.എസ്.ഐ./ഇ.പി.എഫ്. സംബന്ധിച്ച വിശദീകരണമാവശ്യപ്പെട്ടു. തൊഴിലാളികളുടെ വിഹിതം ആരാണ് അടയ്ക്കുണമെന്ന ചോദ്യമാണ് അവരുയർത്തിയത്. ആ ബില്ലിൽ ഇത് പരിപൂർണ്ണമായി രേഖപ്പെടുത്തിയതാണ്. കുളം കുഴിക്കുമ്പോൾ കുറ്റിയുണ്ടാകുമോ എന്ന് ചോദിക്കാറുണ്ടോ; കുളം കുഴിച്ചാൽ

അതുമായി ബന്ധപ്പെട്ട് അവിടത്തെ മണ്ണ് മുഴവൻ നീക്കുകയല്ലേ ചെയ്യുന്നത്. ഈ ബില്ലിൽ സൂക്ഷ്മമായി തൊഴിലാളികളുടെ വേതനങ്ങൾ, അതുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ, ഇലക്ട്രിസിറ്റി ബില്ലിന്റെ ബാദ്ധ്യതകൾ എല്ലാം ഗവൺമെന്റ് ഏറ്റെടുത്തതായി പ്രഖ്യാപിച്ചതാണ്. പക്ഷേ അത് ഇത്തരം നൂലാമാലകളിൽ കുടുങ്ങി നിൽക്കുകയാണ്. ആ ബില്ലിൽ വ്യക്തമായ സൂചനയുണ്ട്. മാർക്കറ്റ് റേറ്റിലാണ് ഭൂമി ഏറ്റെടുക്കുക എന്നാണ് ബില്ലിലുണ്ടായിരുന്നത്. അതിനുശേഷവും മാനേജ്മെന്റ് പല രീതിയിൽ ഭൂമി കൈമാറുകയാണ്. കഴുകന്റെ കണ്ണോടുകൂടിയാണ് അവർ നോക്കുന്നത്. വാസ്തവത്തിൽ ലോകത്തിലെ മുതലാളിത്തരാജ്യങ്ങളിൽ പോലും കാണാം. ചരിത്രസ്മാരകങ്ങൾ നിലനിർത്തുന്നതിന് അവർ കാണിക്കുന്ന വ്യഗ്രത, കേരളത്തിന്റെ, മലബാറിന്റെ ഒരു ചരിത്രസ്മാരകമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മാരകം ഒരു ഹെറിറ്റേജ് ഇൻഡസ്ട്രിയായി നിലനിർത്തേണ്ടത് ഈ സമൂഹത്തിന്റെ ഒരു ബാദ്ധ്യതയാണ് എന്ന നിലയ്ക്കാണ് ആ ബിൽ നമ്മുടെ നിയമസഭ പാസ്സാക്കിയത്. പാസ്സാക്കിയ ബില്ലിലെ വരികൾ കണ്ടുകൊണ്ട് മാർക്കറ്റ് റേറ്റ് ലഭിക്കുമെന്നതിന്റെയടിസ്ഥാനത്തിൽ ഭൂമി കൈമാറ്റം നടത്തുകയാണ്.

എന്നുപറഞ്ഞാൽ ഒന്നുകിൽ ആ മാർക്കറ്റ് റേറ്റ് ഞങ്ങൾക്ക് ലഭിക്കും. അതല്ലെങ്കിൽ ഈ ബിൽ നടപ്പിലാകാതെ പോയാൽ അതിന്റെ ഉടമസ്ഥാവകാശം ഞങ്ങൾക്ക് ലഭിക്കും. വില കൽപ്പിക്കാൻ കഴിയാത്ത കോടാനുകോടിരൂപയുടെ ആസ്തിയാണത്. ചരിത്രമുറങ്ങിക്കിടക്കുന്ന കോഴിക്കോട് നഗരത്തിൽ മാനാഞ്ചിറയോടൊപ്പം ചേർന്നുകൊണ്ടാണ് ഈ ഇൻഡസ്ട്രി നിൽക്കുന്നത്. അതൊരു ചരിത്രത്തിന്റെ ഭാഗമായ ഹെറിറ്റേജ് ഇൻഡസ്ട്രിയാക്കി മാറ്റുക എന്ന ലക്ഷ്യമായിരുന്നു നമ്മുടെ സഭയ്ക്കുണ്ടായിരുന്നത്. ആ നിലയ്ക്ക് അതിനെ കൊണ്ടുപോകാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇതിന്റെ നൂലാമാലകൾ, ഡൽഹിയിൽ ഇക്കാര്യം കൈകാര്യം ചെയ്യാനുള്ള ഉദ്യോഗസ്ഥന്മാരുണ്ട്. അവർക്കെന്താണ് പണി; ഇത്രയേറെക്കാലം ഇത് വൈകി. ഇത് പരിഹരിക്കാനുള്ള നിലപാടുകളിലേയ്ക്കല്ലേ പോകേണ്ടത്; റസിഡന്റ് കമ്മീഷണർ ഉൾപ്പെടെയുള്ള ആളുകൾക്ക് മറ്റെന്താണ് പണി; ഒരു മേശപ്പുറത്തുനിന്നും അപ്പുറത്തെ മേശപ്പുറത്തേക്ക് ഇത് മാറ്റിക്കൊണ്ടുപോകാൻ നമുക്ക് കഴിയുന്നില്ല. തീർച്ചയായും യുദ്ധകാലാടിസ്ഥാനത്തിൽ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി നിലപാട് സംരക്ഷിക്കാനുള്ള പരിശ്രമം നമ്മൾ നടത്തണം.

ഇതിനെല്ലാവരും പങ്കാളികളല്ലേ; ഞാൻ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആഭ്യന്തരവകുപ്പുമന്ത്രി, മറ്റ് മന്ത്രിമാരെല്ലാവരും ഈ പ്രക്ഷോഭത്തിൽ അണിനിരന്നവരാണ്. അതുകൊണ്ട് ഒരു സാമൂഹ്യപ്രതിബദ്ധതയോടുകൂടി ഈ നാടിനുവേണ്ടി എന്ന നില കണക്കാക്കി പാസ്സാക്കിയ ബിൽ നടപ്പാക്കാനുള്ള ജാഗ്രത നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തൊഴിലാളികൾക്ക് മാസന്തോറും 5000 രൂപ കെ.എസ്.ഐ.ഡി.സി. നൽകണമെന്ന് ഈ ബില്ലുമായി ബന്ധപ്പെടുത്തിക്കൊണ്ട് തീരുമാനിച്ചതാണ്. മന്ത്രിസഭായോഗം അത് തീരുമാനിച്ചുവെങ്കിലും ആ തൊഴിലാളികൾക്ക് അത് ലഭിക്കുന്നില്ല. അവിടത്തെ തൊഴിലാളികൾ വലിയ പ്രക്ഷോഭത്തിലാണ്. അവിടെ ഇന്നലെ സി.പി.ഐ.യുടെ നേതൃത്വത്തിൽ 48 മണിക്കൂർ രാപ്പകൽ സമരം ആരംഭിച്ചിരിക്കുകയാണ്. നൂറുകണക്കിനാളുകൾ ആയിരക്കണക്കിനാളുകൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്ന് ആ സമരപ്പന്തലിലേക്ക് വരികയാണ്. കോഴിക്കോട് നഗരത്തിൽ ചരിത്രമുറങ്ങിക്കിടക്കുന്ന ആ സ്ഥാപനത്തിന്റെ നിലനില്പിന് ഞങ്ങളുടെ പിന്തുണയുണ്ട് എന്നതിന്റെയടിസ്ഥാനത്തിൽ തീർച്ചയായും ഈ നിയമസഭ

പാസ്സാക്കിയ ബിൽ നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് അനുകൂലമായ നിലപാട് ഉണ്ടായിക്കൊണ്ട് ആ ബിൽ നടപ്പിലാക്കുവാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടും കേരളാ ഗവൺമെന്റിനോടും ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇ. കെ. വിജയൻ പറഞ്ഞ കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സത്യത്തിൽ കേരളാ ഗവൺമെന്റ് ഇതുസംബന്ധിച്ച് ഒന്നും ചെയ്യാൻ ബാക്കിയില്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഓർഡിനൻസ് ഐകകണ്ഠ്യേന ബില്ലായി പാസ്സാക്കി അയച്ചുകൊടുത്തു. നിയമസഭ പാസ്സാക്കണമെന്നാണ് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടത്. അതൊക്കെ കഴിഞ്ഞു. എന്നാൽ അവിടെ ഇതുവരെ പ്രസിഡന്റിന്റെ അസെന്റോടുകൂടിയ അംഗീകാരം കൊണ്ടുവന്നിട്ടില്ല. അതാണ് അതുസംബന്ധിച്ചുള്ള കാര്യം. അത് വരും. വേറെ പ്രശ്നങ്ങളൊന്നുമില്ല. കറസ്പോണ്ടൻസ് ഉണ്ട്. ഏറ്റവും ലേറ്റസ്റ്റ് കറസ്പോണ്ടൻസ് അനുകൂലമായിട്ടാണ് വന്നിരിക്കുന്നത്. അദ്ദേഹം

പറഞ്ഞതുപോലെ ഒന്നുകൂടി കാര്യക്ഷമമായി ഫോളോ അപ്പ് ചെയ്യുകയാണ് വേണ്ടത്. അക്കാര്യം ഉടനെ ചെയ്യാം. തൊഴിലാളികൾക്ക് പ്രതിമാസം 5000 രൂപ വച്ച് കൊടുക്കാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചതാണ്. ക്യാബിനറ്റ് തീരുമാനിക്കുകയും കെ.എസ്.ഐ.ഡി.സി.യോട് കൊടുക്കാൻ പറയുകയും ചെയ്തു. അത് ലഭിക്കുന്നില്ല എന്ന് പറഞ്ഞു. അത് സിസ്റ്റമാറ്റിക്കായി യാതൊരു മുടക്കവും കൂടാതെ ലഭിക്കുന്നതിനുവേണ്ടി പരിശോധിക്കാം. അവർക്ക് വി.ആർ.എസ്. കൊടുത്തു. അവരുടെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തു. ഇക്കാര്യത്തിൽ ഒരു തീരുമാനവും പെൻഡിംഗുമില്ല. കെട്ടിടം ഒരു ഹിസ്റ്റോറിക്കൽ മ്യൂസിയമായി നിലനിർത്തുക എന്നുള്ളത് തീരുമാനിച്ചതാണ്. ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് അതിനനുകൂലമായ മറുപടി നൽകിയിട്ടുണ്ട്. വലിയ ഹിസ്റ്ററിയുള്ള ഒരു കെട്ടിടമാണ്. പഴയ നിർമ്മാണ രൂപത്തിലുണ്ടാക്കിയത്. 150 വർഷം ചരിത്രമുണ്ട്. യാതൊരുവിധ കൊമേഴ്സ്യൽ ആവശ്യത്തിനും കൊടുക്കാതെ മ്യൂസിയമായി നിലനിർത്തുക എന്നുള്ള കാര്യങ്ങളിൽ തീരുമാനങ്ങൾ മുഴുവനും ആയിക്കഴിഞ്ഞതാണ്. പക്ഷേ നടപ്പിലാകാനുള്ള ഒരു കാലതാമസമുണ്ട്. തീർച്ചയായും ഗവൺമെന്റ് അതിൽ

ഇടപെട്ട് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ എത്രയും വേഗം വിതരണം ചെയ്യുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഒന്നാമതായി ഡൽഹിയിൽ പ്രധാനപ്പെട്ട ഒരുദ്യോഗസ്ഥനെ അതിന് ചുമതലപ്പെടുത്തിയില്ലെങ്കിൽ ഈ പറയുന്ന തടസ്സങ്ങൾ ഇനിയും വരുമെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോഴുമത് ലേബർ വകുപ്പിന്റെ കയ്യിൽ കെട്ടിക്കിടക്കുകയാണ്. അവിടെ നിന്ന് ഇങ്ങോട്ടേക്ക് മാറ്റാൻ തൊഴിലാളികളാണ് പോയി അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. സമരവുമായി ബന്ധപ്പെട്ട് തൊഴിലാളി നേതാക്കന്മാരാണ് ഇതുമായി ബന്ധപ്പെട്ട് പോകുന്നത്. രണ്ടാമതായി, തൊഴിലാളികളോട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ ആവശ്യപ്പെട്ടിരുന്നു. അവർ അത് ആരംഭിച്ചുകഴിഞ്ഞു. കൂലിക്കൂടുതലിന് വേണ്ടിയോ ഒന്നും തന്നെ ആയിരുന്നില്ല തൊഴിലാളികൾ സമരം നടത്തിയത്. ഈ സ്ഥാപനം നിലനിർത്താനുള്ള ധർമ്മ സമരത്തിലാണ് 14 വർഷമായി തൊഴിലാളികൾ. അതോടൊപ്പമാണ് അവിടത്തെ ജനസമൂഹവും നിൽക്കുന്നത്. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പണം നൽകാനുള്ള ഒരു സമീപനം കൂടി കൈക്കൊള്ളുകയും ഇതിന്

ഡൽഹിയിൽ ഒരു പ്രത്യേക ചുമതല നൽകി കൊണ്ടുവരാനുള്ള സമീപനവും ഉണ്ടാകണം.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: രണ്ടുകാര്യങ്ങളും ചെയ്യാം. ഒന്ന്, കെ.എസ്.ഐ.ഡി.സി.യിൽ നിന്ന് പൈസ കൊടുക്കുന്നത് റഗുലറൈസ് ചെയ്യണമെന്നുണ്ട്. തൊഴിലാളികൾക്ക് പണം കൊടുക്കുന്നതിൽ വരുന്ന കാലതാമസവും അതിന്റെ പ്രശ്നങ്ങളുമെന്താണെന്ന് വിശദമായി ഒന്നുകൂടി പരിശോധിച്ചതിനുശേഷം അതിനുവേണ്ട നടപടി സ്വീകരിക്കാം. രണ്ടാമതായി ഇക്കാര്യം ഡൽഹിയിൽ ഫോളോ അപ് ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും സമർത്ഥനായ ഉദ്യോഗസ്ഥനെ ഏർപ്പാട് ചെയ്യാം.